പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 215 **28-10-2026-ൽ മറുപടിയ്ക്ക്**

മനുഷ്യ-വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള സഹായം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. യു. ജനീഷ് കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും, പരിക്കേൽക്കുന്നവർക്കുള്ള ധനസഹായം നിലവിലുള്ള നിരക്കിനേക്കാൾ 25% കൂടി അധികം വർദ്ധിപ്പിച്ച് 25/10/2026 ൽ സ.ഉ(സാധാ) 436/2026/വനം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ ആശ്രിതർക്ക് ₹17.5 ലക്ഷം രൂപയും, പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണം മൂലമുള്ള മരണത്തിന് 5 ലക്ഷം രൂപയുമാണ് ലഭിക്കുക.

40% മുതൽ 60% വരെ അംഗവൈകല്യം സംഭവിച്ചവർക്ക് ₹2.5 ലക്ഷം രൂപയും 60%-ന് മുകളിൽ അംഗവൈകല്യം സംഭവിച്ചവർക്ക് 3,12,500/-രൂപയും നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്. ഉത്തരവ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(ബി) വന്യജീവി ആക്രമണങ്ങളിൽ അംഗവൈകല്യം സംഭവിച്ച് ഉപജീവനമാർഗം നഷ്ടപ്പെടുന്നവർക്ക് തുടർസഹായം നൽകുന്നതിനായി പദ്ധതി നടപ്പാക്കുമോ; വിശദമാക്കാമോ;

മറുപടി: ഉപജീവനമാർഗ്ഗം സാരമായി ബാധിക്കപ്പെട്ട കുടുംബങ്ങളിലെ രണ്ട് മുതിർന്ന അംഗങ്ങൾക്ക് MNREGS പദ്ധതിയുടെ യഥാർത്ഥ പ്രതിദിന വേതനനിരക്ക് അല്ലെങ്കിൽ എല്ലാ സംസ്ഥാനങ്ങളുടെയും ശരാശരി വേത നനിരക്ക്, ഇതിൽ ഏതാണോ കുറവ് അതനുസരിച്ച് പ്രതിദിനം ആശ്വാസ ധനസഹായം നൽകുന്നതിന് സ.ഉ (സാധാ)നം.304/2025/DMD യതി 09/05/2025 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) വന്യജീവി ആക്രമണങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് നടപ്പാക്കിയിട്ടുള്ള ഹ്രസ്വ-ദീർഘകാല പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

മറുപടി: വന്യജീവി ആക്രമണങ്ങൾ കുറച്ചു കാണ്ടുവരുന്നതിന് നടപ്പാക്കിയിട്ടുള്ള ഹ്രസ്വ-ദീർഘകാല പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

(ഡി) വനമേഖലകളുടെ വന്യമൃഗവാഹകശേഷി സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

മറുപടി: സംസ്ഥാനത്തെ വനമേഖലകളിലെ വന്യജീവി വാഹക ശേഷി സംബന്ധിച്ച ശാസ്ത്രീയമായ പഠനം നടത്തുന്നതിന് വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ് – വന്യജീവി ആക്രമണം മൂലമുള്ള മരണം/പരിക്ക് എന്നിവയ്ക്കുള്ള നഷ്ടപരിഹാരം/ചികിൽസാ ധനസഹായം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.436/2026/F&WLD തീയതി,തിരുവനന്തപുരം, 25-10-2026

പരാമർശം:-
1. സ.ഉ.(കൈ) നം. 17/2018/വനം തീയതി 05/04/2018
2. സ.ഉ.(കൈ) നം. 4/2024/DMD തീയതി, 07/03/2024
3. സ.ഉ.(സാധാ)നം. 304/2025/DMD തീയതി 09/05/2025
4. സ.ഉ.(കൈ) നം. 167/2026/RD തീയതി 15/03/2026
5. സ.ഉ(സാധാ) നം. 209/2026/DMD തീയതി 11/05/2026
6. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 31/07/2026- ലെ KFDHQ/5250/2026-CWW/WL 11-(1),(2) നമ്പർ കത്തുകൾ

ഉത്തരവ്

മനുഷ്യ–വന്യജീവി സംഘർഷങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കും, പരിക്കേൽക്കുന്നവർക്കും നൽകിവരുന്ന നഷ്ടപരിഹാരം/ചികിൽസാ ധനസഹായം വർദ്ധിപ്പിക്കുന്നതിന് സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി തീരുമാനിച്ചിരുന്നു. അപ്രകാരം വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം പരിഷ്കരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (6) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, ആയതിന്റെ അടിസ്ഥാനത്തിൽ, മനുഷ്യ–വന്യജീവി സംഘർഷങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കും, പരിക്കേൽക്കുന്നവർക്കും, പരാമർശം(3),(4),(5)ലെ ഉത്തരവുകൾ പ്രകാരം നിലവിൽ അനുവദിച്ചുവരുന്ന നഷ്ടപരിഹാരത്തുകയുടെ/ചികിൽസാ സഹായത്തിന്റെ 25% വർദ്ധിപ്പിച്ച്, ചുവടെചേർത്ത പട്ടികയിൽ വിവരിക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

ക്രമ നമ്പർ	വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന മരണം/ പരിക്ക് /പരിക്കിന്റെ സ്വഭാവം	നിലവിൽ നൽകി വരുന്ന ധനസഹായം	ധനസഹായം 25% വർദ്ധിപ്പിച്ച ശേഷമുള്ള തുക (SDRF ൽ നിന്നുമുള്ള ധനസഹായം ഉൾപ്പെടെ)
1	വന്യജീവി ആക്രമണം മൂലമുള്ള മരണം (പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണത്തെത്തുടർന്നുള്ള മരണത്തിനൊഴികെ)	₹14 ലക്ഷം	₹17.5 ലക്ഷം
2	പാമ്പ്, തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണത്തെത്തുടർന്നുള്ള മരണം	₹4 ലക്ഷം	₹5 ലക്ഷം
3	40% മുതൽ 60% വരെ അംഗവൈകല്യം സംഭവിച്ചവർക്ക്(ഒരു കൈ, കാൽ, കണ്ണ്,കണ്ണുകൾ നഷ്ടപ്പെട്ടവർക്ക് (ആളൊന്നിന്)	₹ 2,00,000	₹2.5 ലക്ഷം
4	60%ത്തിലധികം അംഗവൈകല്യം-ഒരു കൈ/കാൽ/കണ്ണ്/കണ്ണുകൾ നഷ്ടപ്പെട്ടവർക്ക് (ആളൊന്നിന്)	₹2,50,000	₹3,12,500/- (മൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ)
			₹1,25000/- വരെ ഇതിനുപരിയായി ഒരു ലക്ഷം രൂപ വരെ CMDRF ൽ നിന്നും അനുവദിക്കാവുന്നതാണ്.

5	ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിവാസം വേണ്ടി വരുന്ന ഗുരുതര പരിക്ക്	₹16000 മുതൽ ₹1,00,000വരെ.	അപൂർവ്വമായി വരുന്ന കേസ്സുകളിൽ ഗുരുതരമായി പരിക്കേൽക്കുന്നവർക്കും ദീർഘകാലം ചികിത്സ ആവശ്യമായി വരുന്ന വർക്കും ചികിത്സയ്ക്കായി രണ്ടു ലക്ഷത്തി ഇരുത്തി അയ്യായിരം രൂപയേക്കാൾ(₹2,25000/-) ഏറെ ഉയർന്ന വൻതുക ചെലവാകുന്ന സാഹചര്യ ത്തിലും അനുഭാവപൂർവ്വം പരിഗണിക്കപ്പെടുന്ന കേസ്സുകളിൽ, ഓരോ കേസ്സിലും പ്രത്യേകം സർക്കാർ ഉത്തരവ് എന്ന സങ്കീർണ്ണത ഒഴിവാക്കുന്നതിനായി, അത്തരം സാഹചര്യ ങ്ങളിൽ ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫി ക്കറ്റിന്റെ അടിസ്ഥാന ത്തിൽ, സ.ഉ.(കൈ)304/2025/DMD 09.05.2025 ഉത്തരവിന് ഉപരിയായി വരുന്ന ചികിത്സയ്ക്ക് ചെലവായ യഥാർത്ഥ തുക CMDRF-ൽ നിന്നും അനുവദിക്കാ വുന്നതാണ്
6	ഒരാഴ്ചയിൽ കുറവ് ആശുപത്രിവാസം: പരമാവധി ₹1,00,000	₹5400 മുതൽ ₹1,00,000	₹1,25000/- CMDRF-ൽ നിന്നും തുക

	വരെ.		അനുവദിക്കേണ്ടതില്ല

3. മേൽ പട്ടിക പ്രകാരം പരിഷ്കരിക്കുന്ന നഷ്ടപരിഹാര തുകയിൽ വർദ്ധിപ്പിക്കുന്ന തുക വനം വകുപ്പ് അനുവദിക്കുന്നതാണ്. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് തുകയുടെ പരിഷ്കരണമൊഴികേയുള്ള നിബന്ധനകൾ പരാമർശത്തിലെ ഉത്തരവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASEEM A
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/ എ&ഇ , തിരുവനന്തപുരം.
ധനകാര്യ (അഗ്രി -ബി) വകുപ്പ്
ദുരന്ത നിവാരണ (എ) വകുപ്പ്
റവന്യൂ (ഡി .ആർ .എഫ് -എ)വകുപ്പ്
വിവരപൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.വനം വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സെക്രട്ടറിയുടെ പി.എ.യ്ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്

അനുബന്ധം - II

1. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി സർക്കാരിന്റെ **100** ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെപ്പറയുന്ന **ഹ്രസ്വകാല പദ്ധതികൾ** നടപ്പിലാക്കിയിട്ടുണ്ട്.

- നഷ്ടപരിഹാരം
- ആർ.ആർ.ടി.കളുടെ വിന്യാസം
- സ്പെഷ്യൽ റിസർവ് ഫോഴ്സുകൾ, മെട്രോ റെസ്പോൺസ് ടീമുകൾ, പ്രൈമറി
  റെസ്പോൺസ് ടീമുകൾ
- വിസ്ത ക്ലിയറൻസ്
- സോളാർ വേലികളുടെ നിർമ്മാണവും പരിപാലനവും
- ഡ്രോൺ സ്ക്വാഡുകൾ
- റിയൽടൈം നിരീക്ഷണ മുന്നറിയിപ്പ് സംവിധാനങ്ങൾ
- കാട്ടുപന്നി നിയന്ത്രണം

2. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി സർക്കാരിന്റെ വിഷൻ **2031** ൽ ഉൾപ്പെടുത്തിയിട്ടുള്ള **ദീർഘകാല പദ്ധതികൾ** ചുവടെ ചേർക്കുന്നു:

- കണ്ടൈൻമെന്റ്, മിറ്റിഗേഷൻ, കോമ്പൻസേഷൻ ഫ്രെയിംവർക്കിൽ അധിഷ്ഠിതമായ ലാൻഡ്സ്കേപ്പ് തല പ്ലാനുകൾ നടപ്പിലാക്കൽ
- നയരൂപീകരണങ്ങളും നിയമ നിർമ്മാണങ്ങളും
- പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ
- അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം
- ഗവേഷണങ്ങളും സ്വാംശീകരണവും
- പരിശീലന ബോധവൽക്കരണ പ്രവർത്തനങ്ങൾ
- മെച്ചപ്പെട്ട ഉപജീവന മാർഗ്ഗങ്ങൾ പ്രദാനം ചെയ്യുക